**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 955** **10-06-2021 - ൽ മറുപടിയ്ക്ക്**

**വെഞ്ഞാറമൂട് ഇ.എസ്.ഐ. ഡിസ്പെൻസറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | Shri V Sivankutty<br>(പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി) | |
| (എ) | മുൻസർക്കാരിന്റെ കാലത്ത് ഇ.എസ്.ഐ. മേഖലയിൽ സംസ്ഥാനത്ത് ആരംഭിച്ച ഡിസ്പെൻസറികളുടെയും മറ്റ് വികസന പ്രവർത്തനങ്ങളുടെയും വിശദവിവരങ്ങൾ നൽകാമോ; | (എ) | മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽ പത്തനംതിട്ട, കട്ടപ്പന, മുക്കം എന്നീ സ്ഥലങ്ങളിൽ ഇ.എസ്.ഐ ഡിസ്പെൻസറികൾ ആരംഭിച്ചിട്ടുണ്ട്. ഇ.എസ്.ഐ കോർപ്പറേഷന്റെ നിയന്ത്രണത്തിൽ ഇടുക്കി ജില്ലയിലെ അടിമാലിയിലും (മൂന്നാർ) മലപ്പുറം ജില്ലയിലെ താഴേക്കോട്ടും ഡിസ്പെൻസറി-കം-ബ്രാഞ്ച് ഓഫീസും ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഇ.എസ്.ഐ ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഇ.എസ്.ഐ സംവിധാനം ശാക്തീകരിക്കുന്നതിനും മുൻ സർക്കാരിന്റെ കാലത്ത് സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | വാമനപുരം മണ്ഡലത്തിലെ വെഞ്ഞാറമൂട് കേന്ദ്രീകരിച്ച് ഡിസ്പെൻസറി തുടങ്ങുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; വിശദമാക്കുമോ? | (ബി) | സർക്കാർ ഉത്തരവ് (കൈ)നം. 75/2017/തൊഴിൽ തീയതി: 15.09.2017 പ്രകാരം പുതുതായി 18 സ്ഥലത്ത് ഏക ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ. ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള അനുമതി നൽകുകയും ആയതിന്റെ പ്രവർത്തനത്തിന് ഒരു ഡിസ്പെൻസറിയിൽ 9 തസ്തികകൾ വീതം ആകെ 162 തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിരുന്നു. ആയതിൽ വെഞ്ഞാറമൂട് എന്ന സ്ഥലവും ഉൾപ്പെട്ടിരുന്നു. വെഞ്ഞാറമൂട് രണ്ട് ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ ഡിസ്പെൻസറി ആരംഭിക്കുന്നതിന് ഇ.എസ്.ഐ കോർപ്പറേഷൻ 07.05.2021ൽ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

- സംസ്ഥാനത്ത് 18 സ്ഥലത്ത് ഏക ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് അനുമതി നൽകിയും ആയതിന്റെ പ്രവർത്തനത്തിനാവശ്യമായ 162 തസ്തികകൾ സൃഷ്ടിച്ചും ഉത്തരവ് പുറപ്പെടുവിച്ചു. ആയതിൽ 2 ഇ.എസ്.ഐ ഡിസ്പെൻസറികളുടെ പ്രവർത്തനം ആരംഭിച്ചു.
- ഇ.എസ്.ഐ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത തൊഴിലാളിക്കും ആശ്രിതരായ കുടുംബാംഗങ്ങൾക്കും പദ്ധതിയിൽ അംഗമാകുന്ന ദിവസം മുതൽ tie-up ആശുപത്രികളിൽ Reasonable Medical Care വിഭാഗത്തിൽ ഉൾപ്പെടുത്തിയ സ്പെഷ്യാലിറ്റി ചികിത്സ അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു.
- കടമ്പനാട്, കുലശേഖരപുരം, വടവാതൂർ, വിളക്കുടി ഇ.എസ്.ഐ ഡിസ്പെൻസറികൾ പുതിയതായി നിർമ്മിച്ച കെട്ടിടങ്ങളിൽ പ്രവർത്തനം ആരംഭിച്ചു.
- ഓരോ ഇ.എസ്.ഐ ആശുപത്രികളിലും പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരെ ഉൾപ്പെടുത്തി ഒരു വെൽഫെയർ കമ്മിറ്റി രൂപീകരിച്ചു.
- 2019-2020 വർഷത്തെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാനിൽ ഉൾപ്പെടുത്തി 6 ഇ.എസ്.ഐ ആശുപത്രികളിൽ 'Level – 1' ഇന്റൻസീവ് കെയർ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ആയതിൽ മൂന്ന് ആശുപത്രികളിൽ ICU പ്രവർത്തനം ആരംഭിച്ചു.
- സംസ്ഥാനത്തെ 9 ഇ.എസ്.ഐ ആശുപത്രികളിലും കമ്പ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫി യൂണിറ്റുകൾ സ്ഥാപിച്ചു.
- ടോക്കൺ സിസ്റ്റം നിലവിലില്ലാത്ത ഇ.എസ്.ഐ ആശുപത്രികളിൽ ടോക്കൺ സിസ്റ്റം സ്ഥാപിച്ചു.
- ഫീഡിംഗ് ഡിസ്പെൻസറികളിൽ നിന്നും ആശുപത്രി ഒ.പി വിഭാഗത്തിൽ ചികിത്സയ്ക്ക് എത്തുന്ന രോഗികൾക്ക് 5 ദിവസത്തേക്കാവശ്യമായ മരുന്നുകൾ വിതരണം ചെയ്യുന്നതിന് ഇ.എസ്.ഐ ആശുപത്രികളിൽ ഫാർമസി ഔട്ട് ലെറ്റ് സ്ഥാപിച്ചു.
- വിവിധ ആശുപത്രികളിൽ ലാപ്രോസ്കോപ്പ്, ഫംഗ്ഷണൽ എന്റോസ്കോപ്പ്, സർജിക്കൽ മൈക്രോസ്കോപ്പ്, അനസ്തേഷ്യാ വർക്ക് സ്റ്റേഷൻ, ഓപ്പറേഷൻ ടേബിൾ, ആട്ടോക്ലേവ് മെഷീൻ, ഓപ്പറേഷൻ ടേബിൾ ലൈറ്റ് , ഓക്സിജൻ കോൺസൻട്രേറ്റർ, മൾട്ടി പാരാമോണിറ്റർ എന്നീ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.
- പാരിപ്പള്ളി ഗവ. മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഇ.എസ്.ഐ ഗുണഭോക്താക്കൾക്ക് ചികിത്സാ സൗകര്യം ഏർപ്പെടുത്തുകയും ഇ.എസ്.ഐ ഡിസ്പെൻസറി ആശുപത്രി കോമ്പൗണ്ടിലേക്ക് മാറ്റി സ്ഥാപിക്കുകയും ചെയ്തു. മെഡിക്കൽ കോളേജിലെ 35% M.B.B.S സീറ്റുകൾ ഇ.എസ്.ഐ അർഹതയുള്ള തൊഴിലാളികളുടെ മക്കൾക്കായി നീക്കിവെച്ച് ഉത്തരവ് പുറപ്പെടുവിച്ചു.
- ഫെറോക്ക് ഇ.എസ്.ഐ ആശുപത്രി കേന്ദ്രമാക്കി ഒരു റീജിയണൽ ലബോറട്ടറി പ്രവർത്തനം ആരംഭിച്ചു.
- എറണാകുളം ഇ.എസ്.ഐ ആശുപത്രി 100 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

- സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്കുള്ള റഫറൻസ് ഓൺലൈൻ വഴി നൽകുന്നുണ്ട്.

- റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെടാത്ത മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്ന് വാങ്ങി വിതരണം ചെയ്യുന്നുണ്ട്.

- ഇ.എസ്.ഐ കോർപ്പറേഷന്റെ റേറ്റ് കോൺട്രാക്ടിലുൾപ്പെട്ടതും എന്നാൽ മരുന്ന് കമ്പനികൾ സമയത്ത് വിതരണം നടത്താത്തതുമായ 103 ഇനം അവശ്യ മരുന്നുകൾ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ, കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ്, നീതി മെഡിക്കൽ സ്റ്റോർ മുതലായ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

- സെൻട്രൽ മെഡിക്കൽ സ്റ്റോർ നവീകരിച്ചു.

- ക്യാൻസർ, കിഡ്നി സംബന്ധമായ അസുഖമുള്ള രോഗികൾക്ക് സ്പെഷ്യൽ ഇന്റന്റ് സ്വീകരിച്ച് റേറ്റ് കോൺട്രാക്ട് മുഖേനയും ക്വട്ടേഷൻ വഴിയും മരുന്നു വിതരണം ചെയ്യുന്നു.

- സ്പെഷ്യൽ ഇന്റന്റുവഴി ഇംപ്ലാന്റുകൾ, അപ്ലയൻസുകൾ എന്നിവയും വാങ്ങി വിതരണം ചെയ്യുന്നുണ്ട്.

- ഇ.എസ്.ഐ ഡിസ്പെൻസറികളിലെ ഇൻഷ്വറൻസ് മെഡിക്കൽ ആഫീസർമാർക്ക് പാസാക്കാവുന്ന മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് തുക 2,000 രൂപയിൽ നിന്ന് 10,000 രൂപയായും റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് 6,000 രൂപയിൽ നിന്ന് 25,000 രൂപയായി വർദ്ധിപ്പിച്ചും ജോയിന്റ് ഡയറക്ടർക്ക് 75,000 രൂപയായി നിശ്ചയിച്ചും ഉത്തരവ് പുറപ്പെടുവിച്ചു.

- വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി പേരൂർക്കട ഇ.എസ്.ഐ ആശുപത്രിയിൽ ഡ്രഗ് ടെസ്റ്റിംഗ് ലാബ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

- പത്തു ജില്ലകളിലായി 14 നോൺ കമ്മ്യൂണിക്കബിൾ ഡിസീസസ് (NCD) ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്.

- പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ പ്ലാൻ വഴി രോഗികൾക്ക് മികച്ച സേവനങ്ങൾ ലഭ്യമാക്കുന്നതിന് 4 ഇ.എസ്.ഐ ആശുപത്രികളിൽ 'ഫുള്ളി ഓട്ടമേറ്റഡ് ബയോകെമിസ്ട്രി അനലൈസറുകൾ' സ്ഥാപിച്ചു.

- പേരൂർക്കട, ഫെറോക്ക് ഇ.എസ്.ഐ ആശുപത്രികളിൽ കീമോതെറാപ്പി യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചു.

- ഒളരിക്കര ഇ.എസ്.ഐ ആശുപത്രിയിൽ കീമോതെറാപ്പി യൂണിറ്റ്, മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് എന്നിവയുടെയും നിർമ്മാണം പുരോഗമിച്ചു വരുന്നു.

- നാല് ആശുപത്രികളിൽ ഹെമറ്റോളജി അനലൈസറുകൾ സ്ഥാപിച്ചു

- എല്ലാ ഇ.എസ്.ഐ ആശുപത്രികളിലും ഹെൽപ് ഡെസ്ക് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

- ഉച്ചക്ക് ശേഷവും ലബോട്ടറി സൗകര്യം ലഭിക്കുന്നതിനായി സ്വകാര്യ ലാബുകളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട് .

- തോട്ടട ഇ.എസ്.ഐ ആശുപത്രി സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുന്നതിനുള്ള

പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നുണ്ട് .

- ഇ.എസ്.ഐ ആശുപത്രികളിൽ ലഭ്യമല്ലാത്ത IVF ഉൾപ്പെടെയുള്ള സ്പെഷ്യാലിറ്റി ചികിത്സ നൽകുന്നതിന് സ്വകാര്യ ആശുപത്രികളെ എംപാനൽ ചെയ്തിട്ടുണ്ട്.

- എല്ലാ ഇ.എസ്.ഐ ആശുപത്രികളിലും സി.സി.ടി.വി സ്ഥാപിച്ചിട്ടുണ്ട്.

- കാർഡിയോളജി, മെഡിക്കൽ ഗ്യാസ്ട്രോ എന്ററോളജി, യൂറോളജി എന്നീ വിഭാഗങ്ങളിൽ സൂപ്പർ സ്പെഷ്യാലിറ്റി ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്.

- ഓർത്തോ വിഭാഗത്തിൽ Knee Replacement Surgery ഉൾപ്പടെ ഇ.എസ്.ഐ ആശുപത്രികളിൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

- കോവിഡ്-19 രോഗികളായ ഇ.എസ്.ഐ ഗുണഭോക്താക്കളും ആശ്രിതരും സർക്കാർ തലത്തിൽ കോവിഡ്-19 ചികിത്സയ്ക്കായി എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടുന്ന പക്ഷം ചെലവാകുന്ന തുക റീ ഇംബേഴ്സ് ചെയ്തു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

- കോവിഡ്-19 പ്രതിരോധ സാമഗ്രികൾ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

- കൊല്ലം ജില്ലയിൽ ഇ.എസ്.ഐ ഗുണഭോക്താക്കൾക്കായി മൊബൈൽ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**